എമ്മാവൂസ്

# വചനദൂത്



## വിശുദ്ധ എവുപ്രാസ്യാമ്മ

ആഗസ്റ്റ് 29



ഫാ. ജെയിംസ് മേലേടത്ത്

കയ്യിൽ ചലിക്കുന്ന ജപമാലയുമായി രാത്രിയുടെയാമങ്ങളിലും പകലിന്റെ നീണ്ട മണിക്കൂറുകളിലും പ്രാർത്ഥിച്ചിരുന്ന എവുപ്രാസ്യാമ്മ സമർപ്പിത ജീവിതം നയിക്കുന്നവർക്കും എല്ലാ വിശ്വാസികൾക്കും വലിയൊരു മാതൃകയാണ്, മദ്ധ്യസ്ഥയാണ്. "സഞ്ചരിക്കുന്ന സക്രാരിയായി" ദിവ്യകാരുണ്യനാഥനെ ദിവ്യനാഥയോടൊത്ത് ആരാധിക്കുവാനും അവിടത്തോട് സ്നേഹസല്ലാപം നടത്തുന്നതും പരിശുദ്ധക്ക് ഒരു ഹരമായിരുന്നു. നിസ്സാരമായ ഒരു ഉപകാരമെങ്കിലും ചെയ്തു കൊടുത്തിരുന്നവരോട് സന്തോഷത്തോടെ അവൾ പറയും "മരിച്ചാലും മറക്കില്ലാട്ടോ..!"

വിശുദ്ധ എവുപ്രാസ്യായിൽ വിളങ്ങിയിരുന്ന മൂന്ന് പ്രധാന ഗുണങ്ങളും നമുക്ക് പരിചിന്തനം നടത്താം.

1. 'ദൈവത്തോടു ഒന്നായിത്തീരുക' എവുപ്രാസ്യായുടെ ആഗ്രഹവും ജീവിതലക്ഷ്യവുമായിരുന്നു. സമർപ്പിത ജീവിതത്തിലേക്കുള്ള തന്റെ വിളി ദിവ്യമണവാളനോടുള്ള സ്നേഹത്തിൽ അനുദിനം വളരുകയും ആഴപ്പെടുകയും അവിടുത്തെ ഭാഗധേയങ്ങളിൽ പങ്കുപറ്റി ഒന്നായിത്തീരുകയുമായിരുന്നു. മനസ്സിനെ അവിടുത്തെ തിരുമനസ്സിനോട് സ്ഥിരമായും തികഞ്ഞ സന്തോഷത്തോടും കൂടെ പൊരുത്തപ്പെട്ടും ഐക്യപ്പെട്ടും തീർക്കുന്നതിൽ അമ്മ ബദ്ധശ്രദ്ധയായിരുന്നു. പന്ത്രണ്ട് വയസ്സ് മുതൽ ഇടക്കിടെ ഉരുവിടാറുള്ള 'ദൈവമേ അങ്ങേ ഇഷ്ടം എന്നിൽ നിറവേറട്ടെ' എന്ന സുകൃതജപം ജീവിതകാലം മുഴുവൻ അവൾക്ക് ഒരു മന്ത്രമായിരുന്നു.

പരിശുദ്ധ അമ്മയോടുള്ള അവളുടെ ആത്മബന്ധം നിരവധി പ്രാവശ്യം ജപമാല ചൊല്ലുന്നതിന് കാരണമായി. 'ദൈവജനനിയായ അമലോത്ഭവ കന്യാസ്ത്രീ മറിയത്തെ ത്രിലോക രാജ്ഞിയായി വാഴ്ത്തി സ്തുതിക്കുന്നു' എന്ന സുകൃത ജപം ഉരുവിട്ട് കൊണ്ട് എവുപ്രാസ്യാമ്മ ഒല്ലൂർ അമലോത്ഭവമാതാവിന്റെ മഠം കപ്പേളയിൽ ഒരു മൂലയിലിരുന്നു ദിവ്യകാരുണ്യനാഥനെയും പരിശുദ്ധ അമ്മയേയും ഇടമുറിയാതെ നോക്കിയിരുന്ന പതിവ് ഏവർക്കും സുപരിചിതമാണ്.

2. 'ദിവ്യകാരുണ്യത്തിന്റെ ആത്മാവ്', 'ചരിക്കുന്ന സക്രാരി' 'സക്രാരിയുടെ അയൽക്കാരി' തുടങ്ങിയ അപരനാമങ്ങളും എവുപ്രാസ്യാമ്മക്ക് ഉണ്ടായിരുന്നു. ദിവ്യകാരുണ്യനാഥനുമായി ആത്മസല്ലാപം നടത്തുന്ന വേദികളായിരുന്നു ദിവ്യബലിയർപ്പണവും, ദിവ്യകാരുണ്യ ആരാധനയും. "ശുദ്ധമാന കുർബാനയെന്ന മഹാഭാഗ്യം" എന്ന വാക്കുകളിലാണ് പുണ്യവതി ദിവ്യകാരുണ്യരഹസ്യത്തെ പരാമർശിച്ചിരുന്നത്. 'കുർബാന കൈക്കൊണ്ട് കഴിയുമ്പോൾ ദൈവത്തിന്റെ വലിയ അനുഗ്രഹങ്ങൾ കിട്ടുന്ന മനോഗുണം' പറഞ്ഞറിയിക്കാനും വിവരിക്കാനും സാധ്യമല്ല എന്ന് വിശുദ്ധയുടെ കത്തുകളിൽ നിന്ന് വ്യക്തമാണ്. എങ്കിലും പരിശുദ്ധ അമ്മയോടുകൂടി സ്വർഗ്ഗം തന്നെ തന്നിൽ താണിറങ്ങി വന്ന് വസിക്കുന്ന അനുഭവങ്ങളാണ് അവളിൽ ഉളവായിരുന്നത്. ദിവ്യകാരുണ്യ സ്വീകരണം ആനന്ദത്തിന്റെ തീവ്രമായ വൈകാരികഭാവങ്ങൾ സമ്മാനിക്കുന്ന അസാധാരണമായ നിമിഷങ്ങളായിരുന്നു അവൾക്ക്. ഇത് അവളെ 'സഞ്ചരിക്കുന്ന സക്രാരിയാക്കി മാറ്റി'.

3. "മരിച്ചാലും മറക്കില്ലാട്ടോ" എന്ന വിശുദ്ധയുടെ വിശിഷ്ട വാക്കുകൾ തന്റെ ഹൃദയത്തിലെ നന്ദിയുടെയും പ്രാർത്ഥനയുടെയും ആവിഷ്കാരമായിരുന്നു. സഹോദരങ്ങളിലൂടെ ലഭിക്കുന്ന നന്മകൾ മറക്കാതെ നന്ദിനിറഞ്ഞ മനസ്സോടെ തിരുസ്സന്നിധിയിൽ അവൾ ഓർക്കുമായിരുന്നു. പ്രാർത്ഥനാ വാഗ്ദാനങ്ങൾ ലംഘിക്കാതെ അത് മരണശേഷവും ഓർത്തിരിക്കാം എന്ന വാഗ്ദാനം വിശുദ്ധ പരസ്യമായി നടത്തുമായിരുന്നു. ഈ വാക്കുകളെ സ്മരിച്ചുകൊണ്ട് പ്രാർത്ഥിച്ചപ്പോൾ കാലിലെ വ്രണം മാറി എന്ന് ഒരു സഹോദരി സാക്ഷ്യപ്പെടുത്തിട്ടുണ്ട്.

എവുപ്രാസ്യാമ്മയുടെ ജീവിതമാതൃകയും മദ്ധ്യസ്ഥ ശക്തിയും ഇന്ന് നിരവധി വ്യക്തികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥിക്കുന്നവരും കുർബാനയിലെ ഈശോയുമായുള്ള ഐക്യത്തിൽ വളരുന്നവരും നന്ദിനിറഞ്ഞഹൃദയത്തോടെ ആയിരുന്ന് മറ്റുള്ളവർക്കായി ആത്മാർത്ഥമായി പ്രാർത്ഥിച്ചും ഈ പുണ്യവതിയുടെ തിരുനാൾ നമുക്ക് ധന്യമാക്കാം. ◆

